# കണ്ണടച്ച് വിശ്വസിക്കല്ലേ ജൈവപച്ചക്കറികൾ



## 11.2 ശതമാനത്തോളം കീടനാശിനികൾ

തൃശ്ശൂർ ▸ ജൈവപച്ചക്കറികൾ എന്നപേരിൽ സംസ്ഥാനത്ത് വിൽക്കുന്നവയിൽ 11.2 ശതമാനത്തോളം കീടനാശിനികൾ ഉപയോഗിച്ചതായി കണ്ടെത്തി. കേരള കാർഷിക സർവകലാശാല നടത്തിയ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനയിലാണിത്. 2018 ജനുവരിമുതൽ ജൂൺവരെ ശേഖരിച്ച സാമ്പിളുകളുടെ റിപ്പോർട്ടാണ് പുറത്തുവന്നത്.

സ്വകാര്യ ജൈവപച്ചക്കറി മാർക്കറ്റുകളിൽനിന്ന് ശേഖരിച്ച 30 ശതമാനത്തിലും കർഷകരിൽനിന്ന് നേരിട്ട് ശേഖരിച്ച 20 ശതമാനത്തിലുമാണ് കീടനാശിനികളുടെ സാന്നിധ്യം കണ്ടെത്തിയത്. ജൈവലേബലിൽ വിൽക്കുന്ന ചുവപ്പ് ചീര, ബീൻസ്, പച്ചമുളക്, വെള്ളരി, പടവലം, പയർ എന്നിവകളിലും അയമോദകം, കശ്മീരി മുളകുപൊടി എന്നിവയിലും കീടനാശിനിസാന്നിധ്യം കണ്ടെത്തി.

പൊതുവിപണികളിൽനിന്ന് ശേഖരിച്ച ചില പച്ചക്കറികളിലാണ് സംസ്ഥാനത്ത് 2011-ൽ നിരോധിച്ച കീടനാശിനികളുടെ സാന്നിധ്യം കണ്ടെത്തിയത്. എന്നാൽ, പഴവർഗങ്ങളിലൊന്നും കീടനാശിനി കണ്ടെത്തിയില്ല. സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും കൃഷിവകുപ്പിന്റെ ഇക്കോഷോപ്പുകളിൽ വിൽക്കുന്ന ഇനങ്ങളും താരതമ്യേന സുരക്ഷിതമാണെന്നാണ് കണ്ടെത്തൽ.

പൊതുവിപണിയിലെ ബീറ്റ്റൂട്ട്, സാമ്പാർ മുളക്, മല്ലിയില, കറിവേപ്പില, പുതിനയില എന്നിവയിൽ കുമിൾനാശിനിയായ ഡൈഫെനൊകൊനസോൾ, കീടനാശിനികളായ ഇമിഡാക്ലോപ്രിഡ്, ബൈഫെൻത്രിൻ, ക്ലോർപൈറിഫോസ്, പ്രൊഫെനോഫോസ് എന്നിവ കണ്ടെത്തി.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽനിന്ന് ശേഖരിച്ച പച്ചക്കറികൾ, പഴവർഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ 553 സാമ്പിളുകളിൽ 5.4 ശതമാനം പച്ചക്കറികളിലാണ് കീടനാശിനിസാന്നിധ്യം കണ്ടെത്തിയത്. പരിശോധിച്ച 497 പച്ചക്കറികളിൽ 27 എണ്ണത്തിൽ കീടനാശിനി കണ്ടെത്തി. ഇവയിൽ പൊതുവിപണിയിൽനിന്ന് ശേഖരിച്ച 7.6 ശതമാനത്തിലും സ്വകാര്യ ജൈവപച്ചക്കറി മാർക്കറ്റുകളിൽനിന്ന് ശേഖരിച്ച 11.11 ശതമാനത്തിലും കർഷകരിൽനിന്ന് നേരിട്ട് ശേഖരിച്ച 3.89 ശതമാനത്തിലുമാണ് കീടനാശിനി സാന്നിധ്യമുള്ളത്.

പൊതുവിപണിയിൽനിന്ന് ശേഖരിച്ച സുഗന്ധവ്യഞ്ജനങ്ങളിൽ ഒന്നിലുംതന്നെ കീടനാശിനി കണ്ടെത്തിയിട്ടില്ല.